LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് നൂറുദിന കർമ്മ പരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മെയ്-ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മൂന്നു മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിക്കുക എന്നതും ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി അവയുടെ തീർപ്പാക്കലുമാണ് മേൽപ്പറഞ്ഞ പദ്ധതികൾ ലക്ഷ്യമിടുന്നത്.

(സി) ഫയൽ അദാലത്തുകളിൽക്കൂടി വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്തുതന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ നീക്കം സുഗമമാക്കുന്നതിനുമായി 4-8-2015-ലെ 12960/എ.ആർ.14(2)/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി* ചേർത്തിരിക്കുന്നു.)

കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

29 (1851) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് കേഡറുകളിൽ ഉണ്ടാവേണ്ട സ്റ്റാഫ് സ്ട്രെങ്ത് എത്ര ; അതിൽ എത്ര ഒഴിവുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കേഡറുകളിൽനിന്നും എത്ര പേർ കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിൽ 231 ഉം, ഐ.പി.എസ്. കേഡറിൽ 163 ഉം, ഐ.എഫ്.എസ്. കേഡറിൽ 107 ഉം ആണ് അനുവദിച്ചിട്ടുള്ള അംഗസംഖ്യ.

ഐ.എ.എസ്.-ൽ 74 ഉം, ഐ.പി.എസ്.-ൽ 42 ഉം, ഐ.എഫ്.എസ്.-ൽ 28 ഉം ഒഴിവുകളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 33 ഐ.എ.എസ്. ഉദ്യോഗസ്ഥരും 15 ഐ.പി.എസ്. ഉദ്യോഗസ്ഥരും 12 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരും കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധം 1, 2, 3 -ൽ* ചേർക്കുന്നു.

ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാരുടെ ഇടയിലെ അനൈക്യം

30 (1852) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാരുടെ ഇടയിൽ കടുത്ത കിടമൽസരവും അനൈക്യവും വന്നുചേർന്നിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രസ്താവനകൾമൂലം സർക്കാർ പ്രതിക്കൂട്ടിലാകുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly